രണ്ടാം ഘട്ടം:

ക്രമ.നം.	പഞ്ചായത്ത്	കോളനി
1	കോലഴി	വലിയപറമ്പ് ജവഹർ കോളനി
2	മുളങ്കുന്നത്ത്കാവ്	കെൽട്രോൺ കോളനി

പട്ടികജാതിക്കാരായ സ്വയം തൊഴിൽ സംരംഭകർക്ക് ആനുകൂല്യങ്ങൾ

323 (989) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി സ്വയം തൊഴിൽ സംരംഭകർക്ക് കോഴി വളർത്തലിനായി പട്ടികജാതി സ്വയം സഹായ സംഘങ്ങൾവഴി കെപ്കോയ്ക്ക് അനുവദിച്ച യുക നാളിതുവരെ സംരംഭകർക്ക് വിതരണം ചെയ്തിട്ടില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡം പരിഷ്കരിക്കുന്നതിന് തീരുമാന മെടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് പരിഷ്കരിച്ച് തീരുമാനം എടുത്തിട്ടുണ്ടോയെന്നും ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ ;

(ഡി) ഇല്ലെങ്കിൽ പട്ടികജാതിക്കാരായ സ്വയം തൊഴിൽസംരംഭകർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസങ്ങൾ ഒഴിവാക്കു ന്നതിന് ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിവളർത്തൽ പദ്ധതിപ്രകാരം 90 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2011-ൽ 2,80,08,000 രൂപ, അനുവദിച്ചു നൽകിയെങ്കിലും ലേബർ ചാർജ്ജ്, മെറ്റീരിയൽ ചാർജ്ജ് എന്നിവയിലുണ്ടായ വർദ്ധനവ് കാരണം പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്നും അതുകൊണ്ട് പദ്ധതി പുനരാവിഷ്കരിക്കണമെന്ന് കെപ്കോ ആവശ്യപ്പെട്ടപ്രകാരം കെപ്കോയ്ക്ക് അനുവദിച്ച യുകയും ആയതിന്റെ പലിശയുംകൂടി ഉൾപ്പെടുത്തി പുതുക്കിയ പ്രോജക്ട് പ്രൊപ്പോസൽ കെപ്കോ സമർപ്പിച്ചത് വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുകയും G.O.(Rt)218/15/ SCSTDD dt. 9-2-2015 പ്രകാരം പുതുക്കിയ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് കെപ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടികജാതിക്കാരായ ഭവനരഹിതർ

324 (990) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരായ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി പ്രകാരം ഒരാൾക്ക് എത്ര രൂപയാണ് ഇപ്പോൾ നൽകുന്നതെന്ന് വിശദമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) തുക വർദ്ധിപ്പിക്കുമെങ്കിൽ എത്ര രൂപയായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഗ്രാമപ്രദേശങ്ങളിൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 75000 രൂപാ നിരക്കിൽ 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 1.5 ലക്ഷം രൂപാ നിരക്കിൽ നാലര ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് സെന്റിന് 2 ലക്ഷം രൂപാ നിരക്കിൽ 6 ലക്ഷം രൂപയുമാണ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly